Draft #83 of File 3558/AD A1/ASO1/2018/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 29-Feb-2020 05:23 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY · KOTTAYAM ·

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ജീവനക്കാര്യം - ഡെപ്യൂട്ടി രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ, സെക്ഷൻ ഓഫീസർ തസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റം, സ്ഥലം മാറ്റം, ജോലിയിൽ തിരികെ പ്രവേശിക്കൽ, നിയമനം - അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 1136/AD A1/2020/എം.ജി.യു — പ്രിയദർശിനി ഹിൽസ്,തീയതി: 29.02.2020

---

*പരാമർശം:*-1. ശ്രീ. ശ്രീകൃഷ്ണകുമാർ ജി, സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്)-ന്റെ 28.02.2020 തീയതിയിലെ അവധിയ്ക്കുള്ള അപേക്ഷ.

2. സർക്കുലർ നമ്പർ Ad.AI-3-246/2016 തീയതി 31.05.2016

3. ജി.ഒ.(പി) നമ്പർ 42/2010/പി. & എ.ആർ.ഡി. തീയതി 20.12.2010.

**ഉത്തരവ്**

ശ്രീ. ശ്രീകൃഷ്ണകുമാർ ജി, സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്) 02.03.2020 മുതൽ 36 ദിവസത്തെ പരിവർത്തിതാവധിയ്ക്ക് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ശ്രീ. രഘുനാഥൻ കെ, സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്) കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയിലെ അന്യത്രസേവനം 29.02.2020-ൽ അവസാനിക്കുകയാണ്.

ശ്രീ. ആസാദ് എം.കെ.,ഡെപ്യൂട്ടി രജിസ്ട്രാർ -1 (അക്കാദമികവിഭാഗം) 29.02.2020 ന് സർവ്വീസിൽ നിന്നും വിരമിയ്ക്കുകയാണ്.

ശ്രീ. മുരളീധരൻ എൻ., സെക്ഷൻ ഓഫീസർ(ഹയർ ഗ്രേഡ്), ACC 2 സെക്ഷൻ, 29.02.2020 ന് സർവ്വീസിൽ നിന്നും വിരമിയ്ക്കുകയാണ്.

മേൽ പരാമർശിച്ചിരിക്കുന്നത് പരിഗണിച്ച്, താഴെ പ്രതിപാദിച്ചിട്ടുള്ള സ്ഥാനക്കയറ്റം, സ്ഥലംമാറ്റം, ജോലിയിൽ തിരികെ പ്രവേശിക്കൽ, നിയമനം എന്നിവ സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിന് വൈസ്-ചാൻസിലർ ഉത്തരവായിരിയ്ക്കുന്നു.

| ക്രമ നം | പേര്,തസ്തിക | സ്ഥാനക്കയറ്റം,നിയമനം,തസ്തിക, ശമ്പള നിരക്ക്, പ്രാബല്യം | തസ്തിക ഉൾക്കൊള്ളിച്ചിരിക്കുന്നത് | നിയമിച്ചിരിക്കുന്നത് |
|---|---|---|---|---|
| 1. | ശ്രീ. സുരേഷ് ബാബു കെ., അസിസ്റ്റന്റ് രജിസ്ട്രാർ-20 (പരീക്ഷാവിഭാഗം)നെ സ്ഥലം മാറ്റി അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക വിഭാഗം) ആയി നിയമിച്ചിരിക്കുന്നു. | | | |
| 2. | ശ്രീ. പ്രതാപൻ എൻ.,അസിസ്റ്റന്റ് രജിസ്ട്രാർ 15 (പരീക്ഷാവിഭാഗം)-നെ, സ്ഥലം മാറ്റി അസിസ്റ്റന്റ് രജിസ്ട്രാർ-20(പരീക്ഷാവിഭാഗം)ആയി നിയമിച്ചിരിക്കുന്നു. | | | |
| 3 . | ശ്രീ.ബൈജു എൻ., അസിസ്റ്റന്റ് രജിസ്ട്രാർ (ഹയർ ഗ്രേഡ്)- 4 (അക്കാദമിക വിഭാഗം) | ഡെപ്യൂട്ടി രജിസ്ട്രാർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി രൂപ 77,400 - 1,15,200/-ശമ്പളസ്കെയിലിൽ ഉടൻ പ്രാബല്യത്തിൽ നിയമിച്ചിരിക്കുന്നു. | ശ്രീ.ആസാദ് എം.കെ., ഡെപ്യൂട്ടി രജിസ്ട്രാർ വിരമിച്ചതിനെ തുടർന്നുണ്ടായ തസ്തിക ഒഴിവ് | ഡെപ്യൂട്ടി രജിസ്ട്രാർ 1 (അക്കാദമികവിഭാഗം)ആയി നിയമിച്ചിരിക്കുന്നു. |

| | | | | |
|---|---|---|---|---|
| 4. | ശ്രീ. സാബു സി ജോർജ്, അസിസ്റ്റന്റ് രജിസ്ട്രാർ -2 (ധനകാര്യം) | ഹയർഗ്രേഡ് അസിസ്റ്റന്റ് രജിസ്ട്രാർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി രൂപ 68,700 - 1,10,400/- ശമ്പളസ്കെയിലിൽ ഉടൻ പ്രാബല്യത്തിൽ നിയമിച്ചിരിക്കുന്നു. | ശ്രീ.ബൈജു എൻ., ഹയർ ഗ്രേഡ് അസിസ്റ്റന്റ് രജിസ്ട്രാർക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെ ത്തുടർന്നുണ്ടായ തസ്തിക ഒഴിവ് | നിലവിലെ സീറ്റിൽ തുടരാൻ അനുവദിച്ചിരിക്കുന്നു. |
| 5. | ശ്രീമതി.ബിന്ദുകുമാരി കെ., ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ, AcA 6 സെക്ഷൻ | അസിസ്റ്റന്റ് രജിസ്ട്രാർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി രൂപ 45800 - 89000/- ശമ്പളസ്കെയിലിൽ ഉടൻ പ്രാബല്യത്തിൽ നിയമിച്ചിരിക്കുന്നു. | ശ്രീ.സാബു സി ജോർജ്, അസിസ്റ്റന്റ് രജിസ്ട്രാർക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ് | അസിസ്റ്റന്റ് രജിസ്ട്രാർ-15 (പരീക്ഷാവിഭാഗം) ആയി നിയമിച്ചിരിക്കുന്നു. |
| 6. | ശ്രീ.രഘുനാഥൻ കെ., സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്) നെ 02.03.2020 പൂർവാഹ്നം പ്രാബല്യത്തിൽ ജോലിയിൽ തിരികെ പ്രവേശിക്കാൻ അനുവദിച്ചിരിക്കുന്നു. ടിയാനെ ശ്രീമതി.ബിന്ദുകുമാരി കെ., ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവിൽ ഉൾക്കൊള്ളിച്ച് Acc 2 സെക്ഷനിൽ നിയമിച്ചിരിക്കുന്നു. | | | |
| 7. | ശ്രീമതി. മഞ്ജുഷ, സെക്ഷൻ ഓഫീസർ, PD 7 സെക്ഷൻ | ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസറായി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി രൂപ 40,500-85,000/- ശമ്പളസ്കെയിലിൽ 01.03.2020പൂർവാഹ്നം പ്രാബല്യത്തിൽ നിയമിച്ചിരിക്കുന്നു. | ശ്രീ.മുരളീധരൻ എൻ., ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ വിരമിച്ചതിനെ ത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | നിലവിലെ സീറ്റിൽ തുടരാൻ അനുവദിച്ചിരിക്കുന്നു. |
| 8. | ശ്രീമതി. ജെഹന അലി എസ്. അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ EN 15 സെക്ഷൻ | സെക്ഷൻ ഓഫീസറായി താൽക്കാലികമായി സ്ഥാനക്കയറ്റം നൽകി രൂപ 36,600-79,200/- ശമ്പള സ്കെയിലിൽ ഉടൻ പ്രാബല്യത്തിൽ നിയമിച്ചിരിക്കുന്നു. | ശ്രീമതി. മഞ്ജുഷ, സെക്ഷൻ ഓഫീസർക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെ ത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | EB 1 സെക്ഷനിൽ നിയമിച്ചിരിക്കുന്നു. |
| 9. | ശ്രീ.അയ്യപ്പൻ പിള്ള വി. സെക്ഷൻ ഓഫീസർ. PD 2 സെക്ഷൻ | ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസറായി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി രൂപ 40,500-85,000/- ശമ്പളസ്കെയിലിൽ 02.03.2020 പൂർവാഹ്നം പ്രാബല്യത്തിൽ നിയമിച്ചിരിക്കുന്നു. | ശ്രീ. ശ്രീകൃഷ്ണകുമാർ ജി., ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ അവധിയിൽ പ്രവേശിച്ചതിനെ ത്തുടർന്നുണ്ടായ തസ്തിക ഒഴിവ് | നിലവിലെ സീറ്റിൽ തുടരാൻ അനുവദിച്ചിരിക്കുന്നു. |
| 10 . | ശ്രീ. മാത്യൂ പി.ജോൺ, അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ CBCSS 13 സെക്ഷൻ | സെക്ഷൻ ഓഫീസറായി താൽക്കാലികമായി സ്ഥാനക്കയറ്റം നൽകി രൂപ 36,600-79,200/- ശമ്പള സ്കെയിലിൽ 02.03.2020 പൂർവാഹ്നം പ്രാബല്യത്തിൽ നിയമിച്ചിരിക്കുന്നു. | ശ്രീ. അയ്യപ്പൻ പിള്ള വി., സെക്ഷൻ ഓഫീസർക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | Ac A6 സെക്ഷനിൽ നിയമിച്ചിരിക്കുന്നു. |

ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985-ലെ സെക്ഷൻ 3.10(17) പ്രകാരം വൈസ് ചാൻസിലർ അനുവദിച്ചിരിക്കുന്നു.

Draft #83 of File 3558/AD A1/ASO1/2018/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 29-Feb-2020 05:23 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ഡെപ്യൂട്ടി രജിസ്ട്രാർമാർ/അസിസ്റ്റൻറ് രജിസ്ട്രാർമാർ അവർക്ക് ചുമതലയുള്ള സെക്ഷനുകളുടെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ /അസിസ്റ്റൻറ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയി പ്രവർത്തിക്കേണ്ടതാണ്.

ചുമതല വ്യത്യാസമുള്ള തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് ചുമതല ഏറ്റെടുക്കുന്ന ദിവസം മുതൽ മാത്രമേ സ്ഥാനക്കയറ്റത്തിൻറെ പ്രാബല്യം ലഭിക്കുകയുള്ളൂ.

സ്ഥലം മാറ്റപ്പെട്ട ഉദ്യോഗസ്ഥർ തങ്ങളുടെ കൈവശം ഉള്ള മുഴുവൻ ഫയലുകളുടെയും മറ്റ് അനുബന്ധ രേഖകളുടെയും വിശദാംശങ്ങൾ ബന്ധപ്പെട്ട മേലുദ്യോഗസ്ഥനെ ഏൽപ്പിക്കേണ്ടതാണ്. ആയത് മേലുദ്യോഗസ്ഥൻ സൂചന (2) പ്രകാരം പരിശോധിച്ച് അംഗീകരിക്കേണ്ടതാണ്. CTC-യോടൊപ്പം മേൽപ്പടി സർക്കുലറിൽ പരാമർശിച്ചിരിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

സൂചന (3)-ലെ സർക്കാർ ഉത്തരവ് പ്രകാരം സെലക്ഷൻ തസ്തികകളിലേയ്ക്ക് 01.04.2010 നോ അതിനുശേഷമോ സ്ഥാനക്കയറ്റം /സ്വന്തം വകുപ്പിൽ മാറ്റി നിയമനം ലഭിച്ചവർക്ക് (നേരിട്ടുള്ള നിയമനത്തിനൊഴികെ) പ്രൊബേഷൻ കാലഘട്ടം ഒരു വർഷത്തെ തുടർച്ചയായ സേവനകാലാവധിയ്ക്കുള്ളിൽ ആറുമാസം എന്ന് നിജപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ആയതിനാൽ ചുമതല വ്യത്യാസമുള്ള തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് ഒരു വർഷത്തെ തുടർച്ചയായ സർവ്വീസിനിടെ ആറുമാസം പ്രൊബേഷൻ കാലഘട്ടമായിരിക്കും.

സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർ ഈ ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം സ്ഥാനക്കയറ്റ തസ്തികയിലെ ശമ്പള നിർണ്ണയത്തിനുവേണ്ടി സമർപ്പണം നൽകേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

പ്രേംകുമാർ ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ/സെക്ഷനുകൾ
2. വൈസ് ചാൻസിലർ / പ്രൊ വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/അക്കാദമികം/പരീക്ഷ/ധനകാര്യം)
5. ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെൻറ്, എം.ജി. സർവ്വകലാശാല
6. പബ്ലിക് റിലേഷൻസ് ഓഫീസർ/പൂൾ ഓഫീസർ (ഭരണവിഭാഗം)
7. ഓഡിറ്റ് II/III/ഫിനാൻസ് I/II/എഡി.എ III/എഡി.എ.IV/എഡി.എ VI/എഡി.സി I/II/III/ എഫ്.സി.സി./എഡി.ബി.IX/എഡി.ഡി
8. കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ഐ.ക്യൂ.എ.സി./CITAD
9. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി/ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #83 of File 3558/AD A1/ASO1/2018/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 29-Feb-2020 05:23 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം